കേസ്സിന്റെ അന്വേഷണം മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുത്ത് നടത്തിവരികയാണ്.

(സി) അന്വേഷണം നടന്നുവരുന്നു. പൂർത്തിയായിട്ടില്ല.

(ഡി) ഗൗരവമായിത്തന്നെ അന്വേഷണം നടത്തുന്നുണ്ട്.

38 (2595) പോലീസ്/എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം അബ്കാരി കോൺട്രാക്ടർമാർ പോലീസുകാർക്കും എക്സൈസ് ഉദ്യോഗസ്ഥൻമാർക്കും 'മാസപ്പടി' നൽകിയതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം മാസപ്പടി നൽകുകയും അതു സ്വീകരിക്കുകയും ചെയ്തവരുടെ മേൽ എന്തു നടപടിയെടുത്തിട്ടുണ്ട്;

(സി) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പത്തനംതിട്ട ജില്ലയിൽ അബ്കാരി കോൺട്രാക്ടർമാർ എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് 'മാസപ്പടി' നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ആരോപണവിധേയരായ ഏഴ് എക്സൈസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

39 (2596) എൻ.എം.ആർ. ജീവനക്കാർക്ക് ഹയർഗ്രേഡ് ആനുകൂല്യം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ജി.ഒ.(പി) 899/98(155)/ധന. തീയതി. 10.3.1998 പ്രകാരം അനുവദിച്ചിട്ടുള്ള നാലാമത് സമയബന്ധിത ഹയർഗ്രേഡ് ആനുകൂല്യം പൊതുമരാമത്തു വകുപ്പിലെ എൻ.എം.ആർ. ജീവനക്കാർക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവിന്റെ പ്രയോജനം എൻ.എം.ആർ. ജീവനക്കാർക്കുകൂടെ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly